നേഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ

85 (1453) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സിംഗ് വിസ ലഭിച്ചവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ കാരണം വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച ; ഒന്ന് വിശദമാക്കാമോ ;

(ബി) ഇത് സംസ്ഥാനത്തെ നേഴ്സുമാരെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിവരിക്കുമോ ;

(സി) പ്രസ്തുത നേഴ്സുമാരെ സുരക്ഷിതരായി, വഞ്ചിക്കപ്പെടാതെ വിദേശത്ത് ജോലിക്ക് അയയ്ക്കുവാൻ പുതിയ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് നേഴ്സിംഗ് ജോലിക്കായി പോകുന്നവർക്ക് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ക്ലിയറൻസ് നിർബന്ധമാക്കിയ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് വിസ ലഭിച്ച അനേകം നേഴ്സുമാർക്ക് വിദേശത്ത് പോകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2015 മേയ് 1 മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത വ്യവസ്ഥയിൽ മേയ് 30 വരെ ഇളവ് നൽകുകയും ഈ കാലയളവിനുള്ളിൽ വിദേശജോലിക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയവർക്ക് വിദേശത്ത് പോകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ 2015 മേയ് 30-ന് മുൻപ് വിദേശജോലിക്കുള്ള നടപടിക്രമങ്ങൾ നിയമാനുസരണം പൂർത്തിയാക്കി പ്രസ്തുത തീയതിക്ക് മുൻപോ ശേഷമോ വിസ ലഭിച്ചവർക്ക് ഇളവ് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി&സി) 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നേഴ്സുമാരുടെ നിയമനത്തിനായി കേന്ദ്രസർക്കാർ പുതുതായി ഏർപ്പെടുത്തിയ വ്യവസ്ഥകൾ പ്രകാരം വിദേശരാജ്യത്തെ തൊഴിലുടമ കേന്ദ്ര സർക്കാരിന്റെ ഇമൈഗ്രേറ്റ് (emigrate)

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതനുസരിച്ചാണ് നിയമനം നടത്തേണ്ടത്. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യവും ആക്ഷേപ രഹിതമായും കാര്യക്ഷമമായും നടപ്പിലാക്കുക, കൂടുതൽ പേർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കേന്ദ്ര സർക്കാർ പുതിയ വ്യവസ്ഥകൾ രൂപപ്പെടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

പ്രവാസി മലയാളികളുടെ പുരധിവാസം

86 (1454) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പ്രവാസികാര്യവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യെമനിലുണ്ടായ ആഭ്യന്തര കലാപത്തെ തുടർന്ന് തിരിച്ചുപോരേണ്ടിവന്ന മലയാളികളുടെ പുനരധിവാസത്തിനും, പുനർനിയമനത്തിനുമായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇവർക്ക് നിയമനം നൽകാൻ തയ്യാറായി വന്നിരുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ ഇവരുടെ നിയമനം ഉറപ്പാക്കുന്നതിനും മറ്റുള്ളവർക്ക് നേരിട്ട് നിയമനം നൽകുന്നതിനും ഇവരുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സുസ്ഥിര വരുമാനം നേടുന്നതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽനിന്നും തിരികെയെത്തിയ നേഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorks.gov.in-ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു. തിരികെയെത്തിയവരിൽ 23 നേഴ്സുമാർക്ക് സർക്കാർ മുൻകയ്യെടുത്ത് എൻ.എം.സി. ഗ്രൂപ്പിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly